**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**30-06-2021**

## കാർഷികവാർത്തകൾ

### 1. വെളിച്ചെണ്ണ മിൽ പ്ലാന്റ് മാമത്ത് പ്രവർത്തനം തുടങ്ങുന്നു

മാമത്ത് ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസ്സിംഗ് കോംപ്ലക്സിൽ പ്രവർത്തനം തുടങ്ങുന്ന കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (കേര കോർപ്പിന്റെ) വെളിച്ചെണ്ണ ഉൽപാദന പ്ലാന്റിന്റെ ഉദ്ഘാടനം ഇന്ന് (30.06.2021) വൈകിട്ട് 4 മണിക്ക്  കൃഷി വകുപ്പ് മന്ത്രി പ്രസാദ് നിർവഹിക്കും .'കേരജം' എന്ന ബ്രാൻഡിൽ ആണ് വെളിച്ചെണ്ണ വിപണിയിൽ ഇറങ്ങുന്നത്.

### 2. അറിയിപ്പ്

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് എന്നീ കോഴ്സുകൾക്ക് 2021-22 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. ഒരു വർഷ കോഴ്സായ ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജിയിലേക്കുള്ള അടിസ്ഥാന യോഗ്യത പ്ലസ്ടുവും ആറു മാസത്തെ കോഴ്സായ സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാമിംഗി-ന്റെ അടിസ്ഥാന യോഗ്യത 8-ാം ക്ലാസും ആണ്. ജൂലൈ 15-ന് മുമ്പ് https://onlineadmission.ignou.ac.in/admission/ എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **9495000930, 9400608493.**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### 3. അറിയിപ്പ്

വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തൽ പദ്ധതിയിലേക്ക് ആടുവളർത്തലിൽ മുൻപരിചയമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

### ഓൺലൈൻ പരിശീലനങ്ങൾ

4. കേരള വെറ്ററിനറി സർവകലാശാല 'ഡയറി ഫാമുകളിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന വെബിനാർ പരമ്പരയിൽ ഇന്ന് വൈകിട്ട് 5.00 മണിക്ക് '**ആദായകരമായ പശുവളർത്തലിന് വേണ്ട പ്രജനന രീതികൾ**' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തി സർവകലാശാല പ്രൊഫസർ ഡോ. കെ. പ്രമോദിന്റെ പ്രഭാഷണം ഉണ്ടായിരിക്കുന്നതാണ്. **നാളെ (01-07-2021 ന്)** '**കറവപ്പശുക്കളിലെ കുളമ്പു പരിപാലന രീതികൾ**' എന്നതാണ് പ്രഭാഷണ വിഷയം. കർഷകർക്ക് സംശയദൂരീകരണത്തിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. വിശദവിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് - **9446714462.**

5. **സംരഭകത്വ വികസന പദ്ധതിയുടെ ഭാഗമായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ്** ബോർഡിന്റെ സഹകരണത്തോടെ സെൻട്രൽ ഹാച്ചറിയിൽ വച്ച് **ആദായകരമായ പാലുൽപാദനം, ആട് പരിപാലനം, പന്നി പരിപാലനം, ഫാം മാനേജ്മെന്റ്, ഡയറി പ്രോഡക്ട്സ്** തുടങ്ങിയ വിഷയങ്ങളിൽ കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് കർഷകർക്ക് റസിഡൻഷ്യൽ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഈ മാസം 30-ന് മുമ്പായി **9188522703** എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. **വെറ്ററിനറി സർവകലാശാലയുടെ മൃഗ പരിപാലന നിർദ്ദേശങ്ങൾ**

- മഴക്കാലത്ത് കോഴിക്കുഞ്ഞുങ്ങൾക്ക് കൃത്രിമ ചൂട് നൽകിയുള്ള ബ്രൂഡിംഗ് പരിചരണം മൂന്നു മുതൽ നാലാഴ്ച വരെ നൽകണം. 40 കുഞ്ഞുങ്ങളെ ബ്രൂഡ് ചെയ്യാൻ 60 വാട്ടിന്റെ ഒരു ബൾബ് മതി. ബൾബിനു താഴെ കുഞ്ഞുങ്ങൾ ചുറുചുറുക്കോടെ തീറ്റ തേടുന്നത് ബ്രൂഡിംഗ് സുഗമമായി നടക്കുന്നതിന്റെ പ്രത്യക്ഷ ലക്ഷണമാണ്.
- ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തേണ്ടത് അത്യാവശ്യമാണ്. ഇ കോളൈ ബാക്റ്റീരിയ മൂലമുള്ള അസുഖം മഴക്കാലത്തു കുറയ്ക്കുവാനായി തിളപ്പിച്ചാറിയ വെള്ളമോ, 100 ലിറ്റർ ടാങ്കിൽ ഒരു ഗ്രാം എന്ന അനുപാതത്തിൽ ബ്ലീച്ചിങ് പൗഡർ കലർത്തിയ വെള്ളമോ, മറ്റ് ജല ശുദ്ധീകരണ മരുന്നുകൾ ഉപയോഗിച്ച വെള്ളമോ മാത്രം കുടിക്കാനായി നൽകുക.
- നനഞ്ഞതോ കട്ട പിടിച്ചതോ ആയ തീറ്റ ഒരു കാരണവശാലും നൽകരുത്. പൊടി തീറ്റയാണെങ്കിൽ പരമാവധി പത്തു ദിവസത്തേക്ക് മാത്രം സംഭരിച്ചു വയ്ക്കുക. പഴകിയ തീറ്റ കരൾ വീക്കത്തിനും, മുട്ടയുല്പാദനം കുറയാനും, മരണത്തിനു വരെ കാരണമായേക്കാം.
- വിരിപ്പ് കട്ട പിടിക്കാതിരിക്കാനും, അത് മൂലം രൂക്ഷമായ അമോണിയ ഗന്ധം കൂടുകളിൽ വ്യാപിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. വിരിപ്പ് കൃത്യമായ ഇടവേളകളിൽ കുമ്മായം ഉപയോഗിച്ച് ഇളക്കി കൊടുക്കുന്നതും കൃത്യമായി വെന്റിലേഷൻ സൗകര്യങ്ങൾ ലഭ്യമാക്കുന്നതും കണ്ണ് രോഗങ്ങൾ, ബ്രൂഡർ ന്യുമോണിയ എന്നിവ ഒഴിവാക്കാൻ സഹായകമാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- മുട്ടക്കോഴികളുടെ തീറ്റയിലും തീറ്റ ക്രമത്തിലും പെട്ടെന്നുള്ള മാറ്റങ്ങൾ ഒഴിവാക്കുക, കൃത്യമായ അളവിൽ തന്നെ തീറ്റ നൽകുക, കൃത്യമായ മുട്ടയുല്പാദനത്തിന് 16 മണിക്കൂർ വെളിച്ചം നൽകുക എന്നിവയും ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്.

7. കാർഷികസർവകലാശാലയുടെ **വിളപരിപാലന നിർദ്ദേശങ്ങൾ**

തെങ്ങിൻ തലപ്പ് വൃത്തിയാക്കി 200 ഗ്രാം മണലും വേപ്പിൻ പിണ്ണാക്കും അടങ്ങിയ മിശ്രിതം 10:1 എന്ന അനുപാതത്തിൽ തെങ്ങോല കവിളകൾക്കിടയിൽ ഇട്ടു കൊടുക്കുന്നത് തെങ്ങിൽ കൊമ്പൻചെല്ലിയുടെ ആക്രമണം തടയാൻ സഹായിക്കും. നല്ല മഴ കിട്ടിയതിനുശേഷം തെങ്ങ് ഒന്നിന് ഒരു കിലോഗ്രാം എന്ന തോതിൽ തടത്തിൽ കുമ്മായം ഇട്ടുകൊടുക്കുന്നതു മണ്ണിന്റെ പുളിപ്പ് കുറയ്ക്കാൻ സഹായിക്കുന്നു.

നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കുന്നതിനായി ട്രൈക്കോഗ്രമ്മ ജാപോണിക്കത്തിന്റെ മുട്ടക്കാർഡുകൾ ഒരു ഏക്കറിന് 2സിസി എന്ന കണക്കിൽ ഞാറു പറിച്ചു നട്ടു ഒരാഴ്ചക്ക് ശേഷം സ്ഥാപിക്കുക.

വാഴയിലെ സിഗട്ടോക്ക രോഗത്തിനെതിരെ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ച് കൊടുക്കുക. രോഗം മൂർഛിക്കുന്ന അവസ്ഥയിൽ ഒരു മില്ലി പ്രൊപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തെളിഞ്ഞ കാലാവസ്ഥയിൽ തളിച്ച് കൊടുക്കുക.

വഴുതന വർഗ്ഗ വിളകളിൽ നട്ട് ഒരു മാസത്തിനുശേഷം ഒരു സെന്റിന് 170 ഗ്രാം യൂറിയ, 80 ഗ്രാം പൊട്ടാഷ് എന്നിവ‌ു മേൽവളമായി നൽകാവുന്നതാണ്.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**